# പത്രക്കുറിപ്പ്

## ആകെ ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തിന്റെയും കാർബൺ ശേഖരത്തിന്റെയും കണക്കെടുക്കുന്ന രാജ്യത്തെ ആദ്യത്തെ പഞ്ചായത്തായി മീനങ്ങാടി ഗ്രാമപഞ്ചായത്ത്.

**ഒക്ടോബർ 23, കല്പറ്റ**

ആകെ ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തിന്റെയും കാർബൺ ശേഖരത്തിന്റെയും കണക്കെടുക്കുന്ന രാജ്യത്തെ ആദ്യത്തെ പഞ്ചായത്തായി മീനങ്ങാടി ഗ്രാമപഞ്ചായത്ത്. രാജ്യത്തെ ആദ്യത്തെ കാർബൺ തുലിത പഞ്ചായത്തായി മാറാനുള്ള വികസന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഈ കണക്കെടുപ്പ് ദിശാബോധം നൽകും. തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള തണൽ എന്ന പരിസ്ഥിതി സംഘടനയാണ് പഞ്ചായത്തിനു വേണ്ടി ഒരു വർഷം നീണ്ടു നിന്ന ഈ പഠനം നടത്തിയത്. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് പ്രാദേശിക ജനകീയ പങ്കാളിത്തത്തോടുകൂടി പ്രത്യേകിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തത്തോടുകൂടി വിവരശേഖരണം നടത്തി കാർബൺ തുലിത പഞ്ചായത്ത് പദ്ധതിക്കു വേണ്ട പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഏകദേശം ഏഴായിരം പേരിൽ നിന്നും വിവിധയിനങ്ങളിലായി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരമൊരു ഉദ്യമം ആദ്യമായിട്ടാണ്.

ഒക്ടോബർ 23ന് ബഹുമാനപ്പെട്ട ധനകാര്യ - കയർ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് കാർബൺ തുലിത മീനങ്ങാടി - സാങ്കേതിക ശില്പശാലയിൽ വെച്ച്, മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീനാ വിജയന് നൽകിക്കൊണ്ട് Carbon Neutral Meenangadi – Assessment and Recommendations എന്ന പഠന റിപ്പോർട്ട് പ്രകാശനം ചെയ്തു. ശില്പശാലയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഉഷ ശശി, മീനങ്ങാടി വൈസ് പ്രസിഡന്റ് ശ്രീ അസൈനാർ, നബാർഡ് AGM ശ്രീമതി ജിഷ, അഡീഷണൽ പ്ലാനിംഗ് ഓഫീസർ ശ്രീമതി സുഭദ്ര തുടങ്ങിയവർ പങ്കെടുത്തു.

ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ ലോക രാഷ്ട്രങ്ങൾ പുറന്തള്ളുന്ന ഹരിതഗൃഹ വാതകങ്ങളുടെ പരിധി നിശ്ചയിക്കുന്നതിനായി കണക്കെടുപ്പ് നടക്കുന്നുണ്ട്. അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് പ്രത്യേകിച്ച് കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 410 പി. പി. എം. കഴിഞ്ഞ ഏപ്രിലിൽ രേഖപ്പെടുത്തപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ആഗോള കാലാവസ്ഥാ ഉച്ചകോടിയിലെ പ്രധാന ചർച്ചകളെല്ലാം ഈ നിരക്ക് കുറച്ചു കൊണ്ടു വന്ന് ആഗോള താപന നിരക്ക് 1.5 ഡിഗ്രി സെൽഷ്യസിലും താഴെ എത്തിക്കുന്നതിനുള്ള ശ്രമങ്ങളെ ചൊല്ലിയാണ്. ഹരിത ഗൃഹ വാതകങ്ങൾ പുറന്തള്ളുന്ന കാര്യത്തിൽ ഇന്ത്യ അമേരിക്കക്കു പുറകിൽ മൂന്നാം സ്ഥാനത്താണ്. ഒന്നാം സ്ഥാനത്ത് ഇപ്പോൾ ചൈനയാണുള്ളത്. ഊർജ്ജ - ഗതാഗത - വ്യവസായ മേഖലകളിലേർപ്പെടുത്തേണ്ട നിയന്ത്രണങ്ങളെച്ചൊല്ലിയും പരിഷ്കാരങ്ങളെ ചൊല്ലിയും അന്താരാഷ്ട്രാ തലത്തിൽ തർക്കങ്ങൾ തുടരുകയാണ്.

രാജ്യത്ത് ആദ്യമായാണ് ഒരു പഞ്ചായത്ത് കാർബൺ തുലിത വികസനം ലാക്കാക്കി ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ആകെ ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തിന്റെയും കാർബൺ ശേഖരത്തിന്റെയും കണക്കെടുക്കുന്നത്. 2017-18 സാമ്പത്തിക വർഷം ആധാരമാക്കിയുള്ള കണക്കെടുപ്പിൽ പഞ്ചായത്തിലെ കാർബൺ ശേഖരം ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തേക്കാൾ ഏകദേശം 11452 ടൺ കുറവാണെന്ന തണൽ നടത്തിയ പഠനം കണ്ടെത്തി. തൽസ്ഥിതി തുടരുകയാണെങ്കിൽ 2020 ൽ ഇത് 15000 ടൺ കടക്കുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ആഗോളതലത്തിൽതന്നെ ശ്രദ്ധിക്കപ്പെടുന്ന പാരിസ്ഥിതിക സംരക്ഷണ ഇടപെടൽ മാത്രമല്ല വയനാട്ടിലെ കർഷകരുടെ വരുമാനം ഇരട്ടിയാക്കികൊണ്ട് സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്ന പദ്ധതിയാണ് കാർബൺ തുലിത മീനങ്ങാടി പദ്ധതിയെന്നും വയനാട് ജില്ലയെ കാർബൺ തുലിത ജില്ലയാക്കി മാറ്റുന്നതിന് മുന്നോടിയായുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനവും കാർബൺ കണക്കെടുപ്പുമാണ് മീനങ്ങടിയിൽ പൂർത്തിയായതെന്നും ഡോ. തോമസ് ഐസക് പറഞ്ഞു.

കാർബൺ തുലിത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് 2016 മുതൽ തന്നെ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രവർത്തനങ്ങളാവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിരുന്നു. ഇതിനുള്ള അംഗീകാരമെന്നോണം സംസ്ഥാന സർക്കാർ ട്രീ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരുതൽ ധനമായി പത്ത് കോടി രൂപ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. മീനങ്ങാടി ഗ്രാമ പഞ്ചായത്തും മീനങ്ങാടി സഹകരണ ബാങ്കും സംയോജിതമായി നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ് എന്ന പദ്ധതി രാജ്യത്ത് തന്നെ ആദ്യത്തേതായിരിക്കും.

പഞ്ചായത്തിൽ നിന്ന് ബഹിർഗമിക്കുന്ന ആകെ ഹരിതഗൃഹവാതകങ്ങളുടെ 45 ശതമാനവും ഗതാഗത മേഖലയിൽ നിന്നാണ്. 39 ശതമാനമാണ് ഊർജ്ജ ഉപഭോഗ മേഖലയുടെ സംഭാവന. നെൽകൃഷി, കുന്നുകാലി വളർത്തൽ തുടങ്ങിയ മേഖലകളിൽ നിന്നും 13 ശതമാനമേ ഉള്ളൂ.

“പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ ആകെ കാർബൺ സ്വാംശീകര ണത്തിന്റെ 38 ശതമാനവും പഞ്ചായത്തിനുള്ളിലുള്ള വനമേഖലയിൽ നടക്കുമ്പോൾ 34 ശതമാനം വീട്ടു വളപ്പുകളിലെ മരങ്ങളിലും 23 ശതമാനം വീട്ടു വളപ്പുകളിലെത്തന്നെ കാപ്പിത്തോട്ടങ്ങളിലും നടക്കുന്നു. വീട്ടു വളപ്പുകളിലെ മരങ്ങളെ സംരക്ഷിക്കുതിനും കൂടുതൽ മരങ്ങൾ നട്ടു വളർത്തുന്നതിനും വേണ്ട പ്രോത്സാഹനം നൽകുന്നതിനുമാണ് പഞ്ചായത്ത് ട്രീ ബാങ്കിംഗ് പദ്ധതി മുന്നോട്ടു വെച്ചിരിക്കുന്നത്.”
മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീനാ വിജയൻ അഭിപ്രായപ്പെട്ടു.

“അധികമായി ബഹിർഗമിക്കുന്ന ഹരിതഗൃഹ വാതകങ്ങളുടെ തോതു കുറച്ചു കൊണ്ടു വരികയും അന്തരീക്ഷത്തിലുള്ള കാർബൺ ഡൈ ഓക്സൈഡിനെ മണ്ണിലേക്കും വൃക്ഷങ്ങളിലേക്കും ശേഖരിക്കുകയുമാണ് കാർബൺ തുലിതമാകാനുള്ള വഴി. പഠന റിപ്പോർട്ട് പ്രകാരം മീനങ്ങാടി ഗ്രാമ പഞ്ചായത്തിലെ കൃഷിയിടങ്ങളിലെ മണ്ണിലെ കാർബണിന്റെ അളവ് വളരെ കുറവാണ് ഭൂരിഭാഗം സ്ഥലങ്ങളിലും അത് 2 ശതമാനത്തിൽ താഴെ മാത്രമാണ്. ഇത് വിളവിനെ സാരമായി ബാധിക്കുന്നുണ്ട്. മാത്രമല്ല വെള്ളത്തെ പിടിച്ചു വെക്കാനുള്ള മണ്ണിന്റെ കഴിവിനെ ദുർബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മണ്ണ് സംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന കൃഷി- ഉല്പാദന പ്രവർത്തനങ്ങൾ, ഊർജ്ജ സംരക്ഷണം, ജല സംരക്ഷണം, ആരോഗ്യ സംരക്ഷണം, ഭക്ഷ്യ പരമാധികാരം, ശേഷീവൽക്കരണം തുടങ്ങിയ നിരവധി പരിപാടികളാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.”
പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ അസൈനാർ അഭിപ്രായപ്പെട്ടു.

“മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ഇതുവരെ 80000 മരത്തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തൊഴിൽ - വരുമാന സാധ്യതകൾ വർദ്ധിപ്പിച്ചു കൊണ്ട് ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഗുണപരമായ മാറ്റം വരുത്താനും അതു വഴി കാർബൺ തുലിത വികസനം സാധ്യമാക്കാനുമാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ആദ്യഘട്ടമെന്ന നിലയിൽ മാലിന്യ സംസ്കരണം, സാമൂഹ്യ വനവൽക്കരണം ജൈവ കൃഷി എന്നീ മേഖലകളിൽ പഞ്ചായത്ത് ഇടപെടലുകൾ നടത്തിവരുന്നുണ്ട്.” ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ സുരേഷ് കുമാർ അഭിപ്രായപ്പെട്ടു.

“ആഗോള താപനം ഒരു യാഥാർത്ഥ്യമാണെന്നും അത് നമുക്കരികിലെത്തിയെന്നും മഹാ പ്രളയം നമ്മെ പഠിപ്പിച്ചു. പ്രാദേശികമായ ചെറിയ ചെറിയ ഇടപെടലുകൾക്ക് പോലും വലിയ പ്രസക്തിയുള്ള ഒരു കാലഘട്ടമാണിത്. മാനവരാശിയുടെ നിലനിൽപു തന്നെ അപകടത്തിലാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ലോകത്തിനു തന്നെ മാതൃകയായിട്ടാണ് നമ്മുടെ കൊച്ചു കേരളത്തിലെ ഒരു പ്രാദേശിക സർക്കാർ പരിസ്ഥിതി സംരക്ഷിച്ചു കൊണ്ടുള്ള സുസ്ഥിര വികസനത്തിനായി മുന്നിട്ടിറങ്ങിയിരിക്കുന്നത്. ഇത് ഒരു ചെറിയകാര്യമല്ല. പ്രശ്നങ്ങളെ ആഗോളതലത്തിൽ വിശകലനം ചെയ്യുകയും പ്രാദേശിക തലത്തിൽ പരിഹാരമാർഗങ്ങൾ തേടുകയും ചെയ്യുകയാണ് ശരിയായ രീതി. മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ലോകത്തിന് കാണിച്ചു കൊടുക്കുന്നത് അതാണ്.” തണൽ പ്രോഗ്രാം കോ ഓർഡിനേറ്റർ രാജു എസ് അഭിപ്രായപ്പെട്ടു. അടുത്ത വർഷത്തോടെ കാർബൺ തുലിത സുസ്ഥിര വികസനമാതൃകയ്ക്കുള്ള അടിസ്ഥാനമിടാൻ ഗ്രാമ പഞ്ചായത്തിന് കഴിയുമെന്ന് രാജു ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കൂടുതൽ വിവരങ്ങൾക്ക്
ബീനാ വിജയൻ (പ്രസിഡന്റ്, മീനങ്ങാടി ഗ്രാമ പഞ്ചായത്ത് )
9496048316

അസൈനാർ (വൈസ് പ്രസിഡന്റ്, മീനങ്ങാടി ഗ്രാമ പഞ്ചായത്ത്)
8281010697

രാജു എസ് . (പ്രോഗ്രാം കോ ഓർഡിനേറ്റർ, തണൽ)
9400274760